**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2401** **13-09-2023 - ൽ മറുപടിയ്ക്ക്**

**കാസർകോട് ജില്ലയിലെ മൊഗ്രാൽ യുനാനി ആശുപത്രി അപ്ഗ്രേഡ് ചെയ്യുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. കെ. എം. അഷ്റഫ് | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് സർക്കാർ മേഖലയിൽ എത്ര യുനാനി ആശുപത്രികൾ ഉണ്ടെന്നും അത് എവിടെയൊക്കെ സ്ഥിതി ചെയ്യുന്നുവെന്നും വ്യക്തമാക്കുമോ; | (എ) | സംസ്ഥാനത്ത് സർക്കാർ മേഖലയിൽ യുനാനി ആശുപത്രി നിലവിലില്ല. എന്നാൽ കാസർഗോഡ് ജില്ലയിൽ ഭാരതീയ ചികിത്സാ വകുപ്പിനു കീഴിൽ കുമ്പള ഗ്രാമ പഞ്ചായത്തിലെ മൊഗ്രാൽ എന്ന സ്ഥലത്ത് ഒരു യുനാനി ഡിസ്പെൻസറി പ്രവർത്തിക്കുന്നുണ്ട്. മൊഗ്രാൽ ഗവ. യുനാനി ഡിസ്പെൻസറി ആയുഷ് ഹെൽത്ത് & വെൽനസ് സെന്റർ ആയി ഉയർത്തിയിട്ടുണ്ട്. പ്രസ്തുത ഡിസ്പെൻസറിയിൽ ഒ.പി. ലാബ്, ഫിസിയോതെറാപ്പി, യുനാനി റെജിമെന്റൽ തെറാപ്പി (മസാജ്, കപ്പിംഗ്, ഹിജാമ, വെനിസെക്ഷൻ(ഫസദ്) തുടങ്ങിയവ) യോഗ, ടെലിമെഡിസിൻ, ഓൺലൈൻ രജിസ്ട്രേഷൻ സിസ്റ്റം, ഇ- ഹോസ്പിറ്റൽ എന്നീ സേവനങ്ങൾ ലഭ്യമാണ്. കൂടാതെ നാഷണൽ ഹെൽത്ത് മിഷൻ മുഖേന 15 സ്ഥാപനങ്ങളിലും നാഷണൽ ആയുഷ് മിഷൻ മുഖേന 4 സ്ഥാപനങ്ങളിലും യുനാനി മെഡിക്കൽ ഓഫീസറുടെ (ഒ.പി. ചികിത്സ) സേവനം ലഭ്യമാണ്. |
| (ബി) | പ്രസ്തുത ആശുപത്രികളിൽ ലഭ്യമായ സേവനങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ; | (ബി) | മറുപടി (എ) പിരിവിൽ ചേർത്തിട്ടുണ്ട്. |
| (സി) | കാസർകോട് ജില്ലയിലെ മൊഗ്രാൽ യുനാനി ആശുപത്രി അപ്ഗ്രേഡ് ചെയ്ത് കിടത്തി ചികിത്സ സൗകര്യമുള്ള ആശുപത്രിയാക്കി മാറ്റുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) | ഭാരതീയ ചികിത്സാ വകുപ്പിലെ സ്ഥാപനങ്ങളെ അപ്ഗ്രേഡ് ചെയ്യുന്നതിനായുള്ള പുതിയ പ്രയോറിറ്റി ലിസ്റ്റ് തയ്യാറാക്കുന്നതിനുള്ള നടപടികൾ നാഷണൽ ആയുഷ് മിഷനുമായി ബന്ധപ്പെട്ട് ഭാരതീയ ചികിത്സാ വകുപ്പ് ഡയറക്ടർ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ